**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 530**
**10.06.2014-ലെ മറുപടിക്ക്**

**ട്രഷറി നിക്ഷേപങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ. കെ.എം. മാണി |
| (എ) | ട്രഷറി നിക്ഷേപങ്ങൾ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങൾ /സ്വയം ഭരണ സ്ഥാപനങ്ങൾ/ വെൽഫയർ ബോർഡുകൾ എന്നിവയ്ക്ക് സംസ്ഥാന സർക്കാർ വിഹിതമായി നൽകിയ ഫണ്ടുകൾ സർക്കാർ ട്രഷറികളിൽ മാത്രമേ നിക്ഷേപിക്കാവൂ എന്നും അവയുടെ സ്വന്തം ഫണ്ടുകൾ സർക്കാർ ട്രഷറികളിൽ സ്ഥിരനിക്ഷേപങ്ങളെക്കാൾ ഉയർന്ന പലിശ ലഭ്യമാകുന്നെങ്കിൽ മാത്രമേ മറ്റ് ബാങ്കുകളിൽ നിക്ഷേപിക്കാവൂ എന്നും അല്ലാത്തപക്ഷം ട്രഷറികളിൽ മാത്രമേ നിക്ഷേപിക്കാവൂ എന്നും നിർദ്ദേശം നൽകി ഉത്തരവായിട്ടുണ്ട്.<br>കേരള സംസ്ഥാന ബിവറേജ് കോർപ്പറേഷന്റെ എല്ലാ നിക്ഷേപങ്ങളും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കണമെന്നും, നിലവിൽ മറ്റ് ബാങ്കുകളിൽ നിലനിൽക്കുന്ന നിക്ഷേപങ്ങൾ കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് ട്രഷറികളിൽ മാറ്റി നിക്ഷേപിക്കണമെന്നും നിർദ്ദേശം നൽകി ഉത്തരവായിട്ടുണ്ട്.<br>തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ക്ഷേമനിധി ബോർഡുകളിലെയും നിക്ഷേപങ്ങൾ സംസ്ഥാന ട്രഷറി സേവിംഗ്സ് ബാങ്കിൽ നിക്ഷേപിക്കുന്നു എന്നത് |
| (ബി) | വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പണം ഷെഡ്യൂൾ ബാങ്കുകൾക്ക് പകരം ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | |
| (സി) | പൊതുജനങ്ങളെ ട്രഷറി നിക്ഷേപങ്ങളിലേയ്ക്കു ആകർഷിച്ച് സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് ശക്തിപകരുന്നതിന് നടപടി സ്വീകരിക്കുമോ? | |

| | | |
|---|---|---|
| | | ഉറപ്പുവരുത്തുവാൻ ക്ഷേമനിധി ബോർഡുകളിലെ ചീഫ് കോ-ഓർഡിനേറ്റർ എന്ന നിലയിൽ ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കൂടാതെ ട്രഷറി സ്ഥിരനിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സ്ഥിരനിക്ഷേപങ്ങൾ ക്യാൻവാസ് ചെയ്യുന്ന ട്രഷറി ഉദ്യോഗസ്ഥർക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതിയും നിലവിലുണ്ട്. G.O (Ms) No.118/2014/Fin dated 28.3.2014 പ്രകാരം സ്പെഷ്യൽ കോ-ഓപ്പറേറ്റീവ് ബാങ്ക് ഡെപ്പോസിറ്റ് സ്കീം പ്രാബല്യത്തിൽ വരുത്തുകയും സഹകരണ സംഘങ്ങളിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.<br>ട്രഷറി നിക്ഷേപങ്ങളിലേയ്ക്ക് പൊതുജനങ്ങളെ ആകർഷിക്കുന്നതിന്റെ ഭാഗമായി ട്രഷറി സ്ഥിരനിക്ഷേപങ്ങൾക്കുള്ള പലിശനിരക്ക് ദേശസാൽകൃത ബാങ്കുകൾക്ക് തുല്യമാക്കി, G.O (P) 77/14/Fin dated 22.2.2014 പ്രകാരം ഉത്തരവാകുകയും, Short Term Special Deposit Scheme പ്രകാരം 1 മുതൽ 3 മാസം വരെയുള്ള നിക്ഷേപങ്ങൾക്ക് 7.5% പലിശ നൽകുന്നതിന് G.O (Ms) No.121/2014/Fin dated 29.3.14 പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ.